പ്രസ്സുകളെ പ്രിൻറിംഗ് ഡിപ്പാർട്ടുമെൻറിൻെറ കീഴിൽ ആക്കുന്നതിന് നടപടി

*416 [438] ശ്രീ. ടി. കെ. രാമകൃഷ്ണൻ:

ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്:

ശ്രീ. സി. വാസുദേവമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെൻറിൻെറ വിവിധ ഡിപ്പാർട്ടുമെൻറുകളിലായി പ്രത്യേകം പ്രത്യേകം പ്രവർത്തിച്ചുവരുന്ന പ്രസ്സുകളെയെല്ലാം ഏകോപിപ്പിച്ച് ഒരു മേജർ ഡിപ്പാർട്ടുമെൻറായി പ്രവർത്തിപ്പിക്കാൻ ഗവൺമെൻറിന് ഉദ്ദേശമുണ്ടോ;

(ബി) മേൽ പറഞ്ഞ പ്രസ്സുകൾ എല്ലാം കാര്യക്ഷമമായും മുഴുവൻ കപ്പാസിറ്റിയും അനുസരിച്ച് പ്രവർത്തിപ്പിക്കാൻ കഴിയാത്ത സ്ഥിതി പരിഗണിച്ച് ഈ പ്രസ്സുകളെയെല്ലാം പ്രസ് ഡിപ്പാർട്ടുമെൻറിൻെറ കീഴിൽ ആക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്):

(എ) തൽക്കാലം ഉദ്ദേശമില്ല.

(ബി) മറ്റു സർക്കാർ ഡിപ്പാർട്ടുമെൻറുകളിൽ ഉള്ള പ്രസ്സുകളുടെ കഴിവ് മുഴുവനും ഉപയോഗിക്കപ്പെടാതെ ഇട്ടിരിക്കുന്നു എന്നു വസ്തുത പ്രിൻറിംഗ് ഡിപ്പാർട്ടുമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. തൻമൂലം അത്തരം പ്രസ്സുകളെക്കൂടി സംയോജിപ്പിച്ച് അച്ചടി വകുപ്പിൻെറ നിയന്ത്രണത്തിൽ കൊണ്ടുവരണമോ വേണ്ടയോ എന്ന കാര്യം പരിഗണിച്ചിട്ടില്ല.

ട്രാൻസ്പോർട്ട് കോർപ്പറേഷൻ ലാഭത്തിലാക്കാൻ പദ്ധതി

*417 [439] ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്പോർട്ട് കോർപ്പറേഷൻ ലാഭത്തിലാക്കാൻ ചാർജ് വർദ്ധനവ് അല്ലാതെ എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻെറ വിശദവിവരം വെളിപ്പെടുത്താമോ?

ഗതാഗത വകുപ്പു മന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്):

(എ-യും ബി-യും): കോർപ്പറേഷൻെറ നഷ്ടം കുറച്ചു കൊണ്ടു വരുവാൻ നടപടികൾ സ്വീകരിച്ചു വരികയാണ്. സർവ്വീസ് കൂടുതൽ കാര്യക്ഷമമാക്കുക, പഴയ വണ്ടികൾക്കു പകരം പുതിയ വണ്ടികൾ റോഡിലിറക്കുക, ചിലവിനങ്ങൾ പരമാവധി ചുരുക്കുക, തീരെ വരുമാനം കുറഞ്ഞ സർവ്വീസുകൾ നിറുത്തൽ ചെയ്യുക തുടങ്ങിയവയാണ് കോർപ്പറേഷൻെറ പരിഗണനയിലുള്ള നിർദ്ദേശങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly